**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1900** **29-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടഭൂമിയിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടഭൂമികളിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂപരിഷ്കരണ നിയമങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | 01/01/1970-നു ശേഷം ഒരാളും പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ പാടില്ലായെന്ന് കേരള ഭൂപരിഷ്കരണ നിയമത്തിലെ 83-ാം വകുപ്പിൽ പരാമർശിക്കുന്നു. എന്നാൽ പൊതുതാൽപര്യമുള്ള കേസുകളിൽ വ്യാവസായിക ആവശ്യമുൾപ്പെടെയുള്ള ചില കാര്യങ്ങൾക്ക് സർക്കാരിന്റെ അനുമതിക്കു വിധേയമായി കേരള ഭൂപരിഷ്കരണ നിയമം 81(3)-ാം വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവ് നൽകി സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81(3) ൽ (a)ഏതെങ്കിലും ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ടോ (b)ഏതെങ്കിലും ഭൂമി തോട്ടമായി മാറ്റുന്നതിനോ അഥവാ നിലവിലുള്ള ഒരു തോട്ടത്തിന്റെ വികസനത്തിനോ പരിരക്ഷണത്തിനോ ആയുള്ള ആവശ്യത്തിനായോ അഥവാ വാണിജ്യപരമോ വ്യവസായികമോ, വിദ്യാഭ്യാസപരമോ ധർമ്മാത്മപരമോ ആയ ആവശ്യത്തിനായോ യഥാർത്ഥത്തിൽ ആവശ്യമായതു കൊണ്ടോ, പൊതുതാൽപര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം ഗവൺമെന്റിന് ഗസറ്റിൽ പരസ്യപ്പെടുത്തികൊണ്ട് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ നിന്ന് അങ്ങനെയുള്ള ഭൂമിയെ, അവർക്ക് ചുമത്താൻ യുക്തമെന്നു തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഒഴിവാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ